ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 26.08.2024

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. ലഡാക്കിൽ അഞ്ച് പുതിയ ജില്ലകൾ രൂപീകരിക്കാനുള്ള തീരുമാനം മികച്ച ഭരണം ഉറപ്പാക്കാനുള്ള ചുവടുവയ്പ്പെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said that the decision to form five new districts in Ladakh is a step to ensure good governance.
2. വ്യാപാര സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം സിംഗപ്പൂരിൽ ചേർന്നു.

   Second India-Singapore Ministerial Conference held in Singapore with an aim to strengthen trade and economic ties.
3. GEM - UPI - ULI സംവിധാനങ്ങൾ, ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെൻറ് മേഖലയിലെ വിപ്ലവകരമായ ചുവടുവെപ്പെന്ന് ആർ ബി ഐ ഗവർണർ.

   GEM-UPI-ULI systems, a revolutionary step in India's digital payments sector: RBI Governor.
4. ജന്മാഷ്ടമി ആഘോഷ നിറവിൽ രാജ്യം; കേരളത്തിൽ വർണാഭമായ ശോഭാ യാത്രകൾ നടന്നു.

   The country is full of Janmashtami celebrations; colorful Sobha Yatras took place in Kerala.
5. വയനാട്ടിൽ എല്ലാവരെയും ഉൾകൊള്ളുന്ന പുനരധിവാസമാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ; പുനരധിവാസം സംബന്ധിച്ച സർവകക്ഷി യോഗം വ്യാഴാഴ്ച.

   The government's goal is inclusive rehabilitation in Wayanad: Minister AK Saseendran, all-party meeting on rehabilitation on Thursday.

*****************************************

HEADLINE – 1

**PM LADAKH**

പുതിയ ജില്ലകളുടെ രൂപീകരണം ലഡാക്കിൽ, അഭിവൃദ്ധിയും മികച്ച ഭരണവും ഉറപ്പാക്കാനുള്ള ചുവടുവയ്പ്പെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മികച്ച ശ്രദ്ധ ലഭിക്കുന്നതിനൊപ്പം, സേവനങ്ങൾ, അവസരങ്ങൾ എന്നിവ ജനങ്ങളുടെ സമീപത്തേക്ക് കൂടുതൽ എത്തിക്കാൻ ഈ നീക്കം സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ രൂപീകരണത്തിൽ മേഖലയിലെ ജനങ്ങളെ അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ അഭിപ്രായപ്പെട്ടു.

*******************************************

**LADAKH -MHA**

കേന്ദ്രഭരണ പ്രദേശമായ ലഡാക്കിൽ സൻസ്കാർ, ദ്രാസ്, ഷാം, നുബ്ര, ചാങ്താങ് എന്നീ പേരുകളിലാണ് ജില്ലകൾ രൂപീകരിക്കുക. വികസിതവും സമൃദ്ധവുമായ ലഡാക്ക് കെട്ടിപ്പടുക്കാനുള്ള വീക്ഷണത്തിന്റെ ഭാഗമായാണ് പുതിയ ജില്ലകൾക്ക് രൂപം നൽകാൻ തീരുമാനിച്ചതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. അതിർത്തി, തസ്തിക നിർണയം തുടങ്ങി ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ പരിശോധിക്കുന്നതിനായി ഒരു സമിതിക്ക് രൂപം നല്കാൻ ആഭ്യന്തര മന്ത്രാലയം ലഡാക്ക് ഭരണകൂടത്തോട് ആവശ്യപ്പെട്ടു. മൂന്നു മാസത്തിനുള്ളിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രാലയം നിർദേശം നൽകി.

*******************************************

HEADLINE – 2

**INDIA SINGAPORE**

രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം സിംഗപ്പൂരിൽ ചേർന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര- സാമ്പത്തികബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചയിൽ കേന്ദ്ര മന്ത്രിമാരായ നിർമല സീതാരാമൻ, പിയൂഷ് ഗോയൽ, എസ് ജയ്ശങ്കർ, അശ്വിനി വൈഷ്ണവ് എന്നിവർ പങ്കെടുത്തു. സിംഗപ്പൂർ രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുമായി കേന്ദ്രമന്ത്രിമാർ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇരു രാജ്യങ്ങൾക്കുമിടയിലെ

തന്ത്രപ്രധാന സഹകരണം മെച്ചപ്പെടുത്തുന്നതിൽ സിംഗപ്പൂർ പ്രസിഡണ്ട് നൽകുന്ന മാർഗനിർദേശത്തെ വിലമതിക്കുന്നതായി ശ്രീ.ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്ത യോഗം സഹകരണത്തിൻറെ പുതിയ സാധ്യതകൾ തേടി. 2022 സെപ്റ്റംബറിൽ ന്യൂഡൽഹിയിലാണ് ആദ്യ സമ്മേളനം നടന്നത്.

**********************************

## HEADLINE – 3

**RBI GOVERNOR (INTRO)**

GEM-UPI-ULI സംവിധാനങ്ങൾ ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് മേഖലയിലെ വിപ്ലവകരമായ ചുവടിനെ പ്രതിനിധാനം ചെയ്യുന്നതായി ആർബിഐ ഗവർണർ ശക്തികാന്ത ദാസ്. വിശദാംശങ്ങളിലേക്ക്.....

**(വോയ്സ്)**

തടസരഹിത വായ്പകൾ രാജ്യത്ത് സാധ്യമാക്കാൻ ആർബിഐ അവതരിപ്പിക്കുന്ന യൂണിഫൈഡ് ലെൻഡിങ് ഇന്റർഫേസ് (ULI) പ്ലാറ്റ്ഫോം സഹായിക്കുമെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. RBI@90 യുടെ ഭാഗമായി ബംഗളുരുവിൽ സംഘടിപ്പിച്ച ആഗോള സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. UPI സംവിധാനം രാജ്യത്തെ പണമിടപാടുകൾ ലളിതമാക്കിയതായി പറഞ്ഞ ശ്രീ ശക്തികാന്ത ദാസ്, ചെറുകിട വായ്പ്പകൾക്കുള്ള മൂല്യനിർണയത്തിനു വേണ്ട സമയം കുറയ്ക്കാൻ ULI സഹായിക്കുമെന്നും ചൂണ്ടിക്കാട്ടി. വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും സാങ്കേതിക സങ്കീർണത കുറക്കാനും ഇതിലൂടെ കഴിയുമെന്ന് ആർബിഐ ഗവർണർ വ്യക്തമാക്കി.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

**********************************

## HEADLINE – 4

**JANMASHTAMI - NATIONAL**

ഭഗവാൻ ശ്രീകൃഷ്ണന്റെ ജന്മദിനമായ ജന്മാഷ്ടമി ഉത്സവം രാജ്യമെമ്പാടും സമുചിതമായി ആഘോഷിച്ചു. ഉത്തർപ്രദേശിലെ

മഥുരയിലും വൃന്ദാവനിലും പതിനായിരങ്ങളാണ് ജന്മാഷ്ടമി ആഘോഷങ്ങൾക്കായി ഏത്തിച്ചേർന്നത്. പ്രേം മന്ദിർ, ഇസ്കോൺ ക്ഷേത്രം, ശ്രീകൃഷ്ണ ജന്മഭൂമി ക്ഷേത്രം എന്നിവയുൾപ്പെടെ ആയിരക്കണക്കിന് ക്ഷേത്രങ്ങളിലാണ് ജന്മാഷ്ടമി ഉത്സവം ആഘോഷപൂർവം കൊണ്ടാടിയത്.

*******************************

## SREEKRISHNA JAYANTHI

ശ്രീകൃഷ്ണ ജയന്തി ദിനമായ ഇന്ന് ബാലഗോകുലത്തിൻറെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ വർണാഭമായ ശോഭായാത്രകൾ സംഘടിപ്പിച്ചു. തൃശൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശോഭായാത്ര ഉദ്ഘാടനം ചെയ്തു. കൃഷ്ണന്റെയും രാധയുടെയും വേഷങ്ങളണിഞ്ഞ ആയിരക്കണക്കിന് കുട്ടികൾ ശോഭായാത്രയിൽ അണിനിരന്നു. അഷ്ടമിരോഹിണി ദിനത്തിൽ ഗുരുവായൂർ ഉൾപ്പടെ മിക്ക ക്ഷേത്രങ്ങളിലും വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്.

*******************************

## JITENDRA SINGH BIOTECH

പ്രധാനമന്ത്രി നരേന്ദ്രമോദി കൊണ്ടുവന്ന പുതിയ ബയോ E3 നയം വരും വർഷങ്ങളിൽ ഇന്ത്യയെ ആഗോള നോതാവാക്കുമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്. ന്യൂഡൽഹിയിൽ പുതിയ ബയോ-സാമ്പത്തിക നയം സംബന്ധിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2014ൽ 10 ബില്ല്യൺ അമേരിക്കൻ ഡോളറായിരുന്ന ബയോ ഇക്കോണമി 2024ൽ 130 ബില്ല്യൺ യുഎസ് ഡോളറായതായും അദ്ദേഹം പറഞ്ഞു.

*******************************

## HEADLINE – 5

## WAYANADU - LANDSLIDE

ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട മുഴുവൻ മേഖലകളിലും സമഗ്ര നിരീക്ഷണം ആവശ്യമാണെന്നും എല്ലാവരെയും ഉൾക്കൊള്ളുന്ന പുനരധിവാസമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും വനം മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. കാലാവസ്ഥ അനുകൂലമായതിനാൽ ആനടിക്കാപ്പ്- സൂചിപ്പാറ മേഖലയിൽ തിരച്ചിൽ തുടരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ദുരന്തബാധിതർ ആവശ്യപ്പെടുന്നത്

അനുസരിച്ചായിരിക്കും തിരച്ചിൽ നടത്തുക. ജനങ്ങളുടെ സംശയവും ആശങ്കയും പൂർണമായും തീരുന്നത് വരെ തിരിച്ചിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്നതിന് പഠനം നടത്താനെത്തിയ വിദഗ്ധ സംഘത്തോടൊപ്പം മന്ത്രിയും ദുരന്തമേഖലകൾ സന്ദർശിച്ചു.

*******************************

## WAYANADU – ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. വ്യാഴം വൈകിട്ട് ഓൺലൈനായാണ് യോഗം. -ഉരുൾപൊട്ടലിൽ ഇനി 159 പേരെയാണ് കണ്ടെത്താനുള്ളത്.

*******************************

## HEMA COMMITTE

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ നിയമ വശങ്ങൾ നിയമ മന്ത്രി വിശദീകരിച്ചിട്ടുണ്ടെന്നും കൂടുതൽ ഒന്നും പറയാനില്ലെന്നും മന്ത്രി സജി ചെറിയാൻ ചെങ്ങന്നൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ സർക്കാരിന് ഇരട്ടത്താപ്പാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന്റെ നടപടികളിൽ പ്രതിഷേധിച്ച് യുഡിഎഫ് സെപ്റ്റംബർ 2 ന് തിരുവനന്തപുരത്ത് പ്രതിഷേധ സംഗമം സംഘടിപ്പിക്കും. പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്യും.

*******************************

## HEMA COMMITTEE – PRITHVIRAJ

സിനിമ മേഖലയിലെ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണങ്ങൾ ഉണ്ടാകണമെന്ന് നടൻ പൃഥ്വിരാജ്. സിനിമാരംഗത്തും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉണ്ടാകാനായാണ് ഹേമ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. താരസംഘടനയുടെ ഭാഗത്ത് നിന്നും ശക്തമായ ഇടപെടലുകൾ വിഷയത്തിൽ ആവശ്യമാണെന്നും പൃഥ്വിരാജ് അഭിപ്രായപ്പെട്ടു.

*******************************

## PM-AUSTRALIAN PM

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി ആൽബനീസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി. ക്വാഡ് ഉൾപ്പെടെയുള്ള ആഗോള സഹകരണം, ഇന്ത്യ-ഓസ്ട്രേലിയ ഉഭയകക്ഷി ബന്ധം എന്നിവ ചർച്ച ചെയ്തതായും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

****************************

## AUSTRALIA - RIGHT TO DISCONNECT

ഔദ്യോഗിക സമയം കഴിഞ്ഞുള്ള ജോലിസംബന്ധമായ ഫോൺവിളികൾ, മെയിലുകൾ എന്നിവ നിരാകരിക്കാൻ തൊഴിലാളികൾക്ക് അവകാശം നൽകി ഓസ്ട്രേലിയ. വേതനം ലഭിക്കുന്ന സമയത്തിന് പുറത്തുള്ള ഇത്തരം ആശയവിനിമയങ്ങളോട് പ്രതികരിക്കാതിരിക്കാൻ ഇന്നുമുതൽ അവസരം ഉണ്ടാകും. എന്നാൽ ഈ അവകാശം അടിയന്തിര സേവനങ്ങൾക്ക് ലഭ്യമല്ല. 15-ലേറെപ്പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളാണ് നിലവിൽ നിയമത്തിന്റെ പരിധിയിൽ വരിക.

****************************

## RUSSIA-UKRAINE ATTACK

യുക്രൈനിലേക്ക് ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് ആക്രമണം നടത്തി റഷ്യ. ആക്രമണത്തിൽ മൂന്ന് പേർ കൊല്ലപ്പെട്ടു. രാജ്യത്തെ ഊർജ മേഖലയെ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്നാണ് റിപ്പോർട്ട്. ആക്രമണത്തിൽ കീവ് ഉൾപ്പെടെയുള്ള യുക്രൈനിയൻ നഗരങ്ങളിൽ പൊട്ടിത്തെറി ഉണ്ടാകുകയും വൈദ്യുതി ബന്ധം തടസപ്പെടുകയും ചെയ്തു. ജനങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്ന് അധികൃതർ അറിയിച്ചു. അതേസമയം റഷ്യയിലെ ബെൽഗോറോഡിലേക്ക് യുക്രൈൻ നടത്തിയ ആക്രമണത്തിൽ അഞ്ച് പേർ കൊല്ലപ്പെടുകയും 13 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

****************************

## PARALYMPICS - ARCHER SHEETAL DEVI

മറ്റന്നാൾ ആരംഭിക്കുന്ന പാരിസ് പാരാലിമ്പിക്സിൽ അമ്പെയ്ത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ ശീതൾ ദേവി മത്സരിക്കും. ഏഷ്യൻ പാര ഗെയിംസ് സ്വർണമെഡൽ ജേതാവാണ് ശീതൾ

ദേവി. ഫൊക്കോമെലിയ എന്ന അപൂർവ രോഗാവസ്ഥയുമായാണ് ജമ്മു കശ്മീർ സ്വദേശിനിയായ ശീതൾ മത്സരിക്കുന്നത്. ലോകത്തിലെ കൈകളില്ലാത്ത ആദ്യത്തെ വനിത അമ്പെയ്ത്തുകാരിയെന്ന ബഹുമതി നേടിയ വ്യക്തി കൂടിയാണ് ശീതൾ. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൽ നിന്ന് 2023-ൽ അർജുന അവാർഡ് ഏറ്റുവാങ്ങിയ ശീതൾ 2023ലെ പാര-ആർച്ചറി വേൾഡ് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ കരസ്ഥമാക്കിയിരുന്നു.

*******************************

**EVE. IMD-WEATHER**

ഗുജറാത്ത്, രാജസ്ഥാൻ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മധ്യമഹാരാഷ്ട്രയിൽ ഇന്ന് അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിട്ടുള്ളത്. അതേസമയം സൗരാഷ്ട്ര, കച്ച്, ഗുജറാത്ത് എന്നിവിടങ്ങളിൽ നാളം അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

*******************************

**GUJARAT-RAINS**

ഗുജറാത്തിൽ വിവിധ ജില്ലകളിലുണ്ടായ ശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. 150 ഓളം താലൂക്കുകളിൽ രാവിലെ മുതൽ അതിശക്തമായ മഴയാണ് ലഭിക്കുന്നത്. കനത്തമഴയിൽ ഡാമുകളിലെ ജലനിരപ്പ് ഉയരുകയും റോഡ് ഗതാഗതം തടസപ്പെടുകയും ചെയ്തു.

*******************************

**RAIN - KERALA**

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനം വിലക്കി.

*******************************

**DETAILED STOCKS**

രാജ്യത്തെ ഓഹരിവിപണികൾ ഇന്ന് നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 611 പോയിന്റ് നേട്ടത്തിൽ 81,698 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി

187 പോയിന്റ് ഉയർന്ന് 25,010 ലും ഇന്ന് വ്യാപാരം അവസാനിപ്പിച്ചു.

****************************************************

********************************

********************************